LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

32 [1039] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമന നിരോധനം നീക്കിയതിനുശേഷം കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിൽ വീഴ്ചവന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമന നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമന നിരോധനം നീക്കിയശേഷം കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 361 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, പ്രസക്തമല്ല.

കെ.എസ്.എഫ്.ഇ.-യിലെ ജൂനിയർ അസിസ്റ്റന്റ്/പ്യൂൺ നിയമനം

33 [1040] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ജൂനിയർ അസിസ്റ്റന്റ്/പ്യൂൺ തസ്തികകളിൽ എത്ര വീതം ഒഴിവുള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

(സി) ഇതിൽ ഓരോ തസ്തിയിലേയ്ക്കും എത്ര പേർക്ക് വീതം പി.എസ്.സി. അഡ്വൈസ് നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ മേല്പറഞ്ഞ തസ്തികകളിൽ എത്രപേരെ താല്ക്കാലിക ജീവനക്കാരായി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ദിവസക്കൂലി അടിസ്ഥാനത്തിൽ മേല്പറഞ്ഞ തസ്തികകളിൽ എത്രപേർ ജോലി ചെയ്തു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പി.എസ്.സി. നിയമന നിർദ്ദേശങ്ങൾ നല്കിയിട്ടും മേല്പറഞ്ഞ തസ്തികകളിൽ നിയമനം നടക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇവരെ നിയമിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?